**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2668** **14-09-2023 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ വില വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ ലഭിച്ച അധിക വരുമാനം എത്ര; വിശദവിവരം ലഭ്യമാക്കാമോ; | (എ) | പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ 2016-17 സാമ്പത്തിക വർഷം മുതൽ 2023 ജൂലൈ 31 വരെ ലഭിച്ച അധിക വരുമാനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പെട്രോൾ ഡീസൽ വില വർദ്ധനവ് മൂലമുണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അധിക നികുതി വരുമാനം ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (ബി) | 2016-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയിരുന്നു. തുടർന്ന്, 2018-ൽ പെട്രോളിന്റെ വിൽപ്പന നികുതി 31.8 ശതമാനത്തിൽ നിന്നും 30.08 ശതമാനമായും ഡീസലിന്റെ വിൽപ്പന നികുതി 24.52 ശതമാനത്തിൽ നിന്നും 22.76 ശതമാനമായും കുറവ് വരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഏഴ് വർഷമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി വരുമാനം ഒഴിവാക്കുന്നത് സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ 2016-17 സാമ്പത്തിക വർഷം മുതൽ 2023 ജൂലൈ 31 വരെ ലഭിച്ച അധിക വരുമാനം സംബന്ധിച്ച വിവരങ്ങൾ

| വർഷം | ഡീസൽ ( കോടിയിൽ) | പെട്രോൾ (കോടിയിൽ ) |
|---|---|---|
| 2016-17 | 436.77 | 262.89 |
| 2017-18 | 146.85 | 107.59 |
| 2018-19 | 212.23 | 70.50 |
| 2019-20 | ഇല്ല | ഇല്ല |
| 2020-21 | 481.6 | 469.85 |
| 2021-22 | 339.97 | 555.8 |
| 2022-23 | ഇല്ല | ഇല്ല |
| 2023-24 (ജൂലൈ 31 വരെ) | ഇല്ല | പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ അധിക വരുമാനം ഇല്ല.<br>2023 ലെ ഫിനാൻസ് ആക്റ്റ് പ്രകാരം നിലവിൽ വന്ന, പെട്രോളിയം ഉത്പന്നങ്ങൾക്കുമേൽ ചുമത്തപ്പെടുന്ന സെസ്സ് ഇനത്തിൽ നിന്നും 31.08.2023 വരെ 340.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**